**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 603      04.02.2020-ലെ മറുപടിയ്ക്ക്

## താമരക്കുളം സ്റ്റേഡിയം നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആർ. രാജേഷ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച താമരക്കുളം സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | 2019-20 ബഡ്ജറ്റിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ബജറ്റ് ഹെഡ്ഡിൽ താമരക്കുളം സ്റ്റേഡിയം നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുകയും എസ്റ്റിമേറ്റ് അടങ്കലായി 1 കോടി രൂപ നടപ്പ സാമ്പത്തിക വർഷം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് കായിക യുവജനകാര്യാലയത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് താമരക്കുളം പഞ്ചായത്ത് അധികൃതരുമായി യോഗം ചേരുകയും ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്റ്റേഡിയനിർമ്മാണം ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | താമരക്കുളം സ്റ്റേഡിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാനിന്റെ കരട് പരിശോധനയ്ക്കായി പഞ്ചായത്ത് അധികൃതർക്ക് സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്ന മുറയ്ക്ക് ഡി.പി.ആർ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**